**പതിനാലാം കേരള നിയമസഭ**
**നാലാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2977** **10.03.2017- ൽ** മറുപടിക്ക്

**<u>കൊട്ടവായ്യർ, നെന്മാറ ബൈപാസുകൾ</u>**

| **<u>ചോദ്യം</u>** | **<u>മറുപടി</u>** |
|---|---|
| **ശ്രീ. കെ.ബാബു** | **ശ്രീ. ജി. സുധാകരൻ**<br>**(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
| (എ) ഇക്കഴിഞ്ഞ സംസ്ഥാന ബജറ്റിൽ പ്രഖ്യാപിച്ച നെന്മാറ നിയോജക മണ്ഡലത്തിലെ കൊട്ടവായ്യർ, നെന്മാറ ബൈപാസുകളുടെ നിർമ്മാണ പ്രവർത്തനങ്ങളുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ;<br>(ബി) ഈ പ്രവൃത്തികളുടെ ചുമതല ആർക്കാണ് നൽകിയിട്ടുള്ളത്;<br>(സി) ബൈപ്പാസ്സ് റോഡുകളുടെ നിർമ്മാണം സമയബന്ധിതമായി പൂർത്തീകരിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ടോ; വിശദാംശം നൽകുമോ? | (എ) യും (ബി) യും (സി) യും<br>27.09.2016-ലെ സ.ഉ (സാധാ) നം. 1324/2016/പൊ.മ.വ പ്രകാരം കൊട്ടവായ്യർ, നെന്മാറ ബൈപ്പാസുകൾക്ക് യഥാക്രമം 15 കോടി, 20 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത ബൈപ്പാസുകളുടെ നിർമ്മാണത്തിന് വിശദമായ പദ്ധതി റിപ്പോർട്ട് തയ്യാറാക്കുന്നതിന് റോഡ്സ് & ബ്രിഡ്ജസ് ഡെവലപ്മെന്റ് കോർപ്പറേഷനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. വിശദമായ പദ്ധതി റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള ഏജൻസിയെ തീരുമാനിക്കുന്നതിന് ടെണ്ടർ ക്ഷണിച്ചിട്ടുണ്ട്. പദ്ധതി റിപ്പോർട്ട് തയ്യാറാക്കിയ ശേഷം ആയത് പരിശോധിച്ച് ആവശ്യമായ തുടർനടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ